## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6546 01.11.2011 -ൽ മറുപടിക്ക്**

**പാരമ്പര്യ ചികിത്സ**

| ചോദ്യം<br>ശ്രീ.കെ.കെ.ലതിക: | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | പാരമ്പര്യ വൈദ്യന്മാർക്ക് എന്തെല്ലാം ചികിത്സ നടത്തുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്; | (എ) | 4.6.09-ലെ സ.ഉ(എം.എസ്)നം.145/2009/ആ.കു.വ പ്രകാരം മലബാർ മേഖലയിലെ പാരമ്പര്യ ആയുർവേദ വൈദ്യന്മാർക്കും ഹോമിയോപ്പതി പ്രാക്ടീഷണർമാർക്കും തിരുവിതാംകൂർ-കൊച്ചി മേഖലയിലെ സിദ്ധ വൈദ്യന്മാർക്കും പ്രാക്ടീസ് തുടരുന്നതിന് അനുമതി നൽകിയിരുന്നു. എങ്കിലും 17.08.2009-ലെ സ.ഉ (എം.എസ്) നം.293/2009/ആ.കു.വപ്രകാരം 04.06.2009 -ലെ ടി ഉത്തരവ് മരവിപ്പിച്ചിട്ടുണ്ട്. അതിനു ശേഷം 21.02.2011-ലെ സ.ഉ.(എം.എസ്) നമ്പർ 11/2011/ആ.കു.വ പ്രകാരം പാരമ്പര്യ ആയുർവേദ വൈദ്യന്മാർക്ക് രജിസ്ട്രേഷൻ വേണമെന്ന നിബന്ധനയിൽ നിന്ന് ഇളവ് ചെയ്ത് കൊണ്ട് ഉത്തരവായി. എന്നാൽ ഡോ.സജീഷ് കുമാർ ആന്റ് അദേഴ്സ് ഫയൽ ചെയ്ത ഡബ്ല്യൂ. പി.(സി) നമ്പർ 12533 കേസിൽ ടി ഉത്തരവ് സ്റ്റേ ചെയ്തിട്ടുണ്ട്. |
| (ബി) | ഇവരുടെ ചികിത്സാ യോഗ്യത നിശ്ചയിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോ ; | (ബി) & (സി) | മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് 16.04.2010- ലെ സ.ഉ(ആർ.റ്റി)നം. 1617/10/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ